24/02/22

03/03/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 2125*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **13116**/*എസ്.ഐ.സി-ജി 6/2014*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. മനോജ് കുമാർ എം.,
(വൈസ് പ്രസിഡന്റ്, കെ.എസ്.എഫ്.ഇ.
ഏജന്റ്സ് അസോസിയേഷൻ (CITU),
'വ്യാസ' പി.ഒ., പാനൂർ – 670 692,
കണ്ണൂർ ജില്ല. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലി.
കോർപ്പറേറ്റ് ഓഫീസ്, ഭദ്രത, തൃശ്ശൂർ – 680 020.

2. അപ്പീൽ അധികാരി&
മാനേജിംഗ് ഡയറക്ടർ,
കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലി.
കോർപ്പറേറ്റ് ഓഫീസ്, ഭദ്രത, തൃശ്ശൂർ – 680 020.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 07.05.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 28.05.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | – |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 02.06.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 19.06.2014 |
| ഹിയറിംഗ് നടന്ന തീയതി | 12.01.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

<u>ഉത്തരവ്</u>

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. മനോജ്കുമാർ എം., 02.06.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 19.06.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.2125(7)/14/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ബോർഡിന്റെ സാമ്പത്തിക പ്രവർത്തനങ്ങളിൽ പ്രധാന പങ്ക് വഹിക്കുന്ന ഏജന്റുമാരുടെ താല്പര്യങ്ങൾക്കു വിരുദ്ധമായി ചില തീരുമാനങ്ങൾ ഡയറക്ടർ ബോർഡ് എടുത്തതും കെ.എസ്.എഫ്.ഇ.ലിമിറ്റഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങളും നൽകണമെന്നാണ്.

3. അപ്പീൽ ഹർജിക്കാരൻ 07.05.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

a) കെ.എസ്.എഫ്.ഇ.യുടെ എത്ര ബ്രാഞ്ചുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും ഓരോ ജില്ലയിലെയും ബ്രാഞ്ചുകളുടെ പേരും മേൽവിലാസവും ഫോൺ നമ്പറും നൽകണമെന്നും

b) ഇവയിൽ എല്ലാം കൂടെ എത്ര ഏജന്റുമാർ ജോലിചെയ്യുന്നുണ്ടെന്നും ബ്രാഞ്ച് തിരിച്ചും ജില്ല തിരിച്ചും വിവരം നൽകണമെന്നും

c) കെ.എസ്.എഫ്.ഇ.യുടെ ഉത്തമ താല്പര്യത്തിന് വിരുദ്ധമായി ഏതെങ്കിലും ഏജന്റുമാർ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അത്തരക്കാർക്കെതിരെ എന്തെങ്കിലും അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും അച്ചടക്ക നടപടിക്കിടയാക്കിയ അവരുടെ കുറ്റകൃത്യം എന്താണെന്നും അവരുടെ പേരും വിലാസവും നൽകണമെന്നും

d) കെ.എസ്.എഫ്.ഇ നടത്തിവരുന്ന ചിട്ടികളിൽ ഏറ്റവും കൂടിയ മാസതവണയും ചിട്ടിത്തുകയുമുള്ള ചിട്ടി എത്ര രൂപയുടേതാണെന്നും

e) 10,000 രൂപയും അതിനു മുകളിലും തവണ സംഖ്യയുള്ള കുറികളിൽ വരിക്കാരെ ചേർത്ത് ആദ്യ തവണ അടപ്പിച്ചതിനു ശേഷം തുടർന്ന് അടപ്പിക്കുന്നത് നിർത്തുകയും പിന്നീട് കൂടുതൽ ഉയർന്ന തുകയ്ക്കുള്ള ചിട്ടികളിൽ അതേയാളെ ചേർക്കുകയും ചെയ്ത എത്ര ഏജന്റുമാർ കെ.എസ്.എഫ്.ഇ.യുടെ ഏതെല്ലാം ബ്രാഞ്ചുകളിൽ ജോലി ചെയ്യുന്നുണ്ടെന്നും കൂടുതൽ തുക കമ്മീഷൻ കിട്ടാൻ ദുരുദ്ദേശത്തോട് കൂടിയ ഈ പ്രവർത്തിക്കെതിരെ അത്തരക്കാർക്ക് താക്കീത് നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എങ്ങനെയാണെന്നും എത്ര പേർക്കെന്നും തെളിവുകൾ എന്താണെന്നും അവരുടെ പേരും മേൽവിലാസവും നൽകണമെന്നും തുടങ്ങി 16 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 28.05.14ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിൽ പ്രതിപാദിച്ചിരിക്കുന്ന 3(K) ചോദ്യത്തിനുള്ള മറുപടി ഈ വകുപ്പിൽ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ താഴെ രേഖപ്പെടുത്തുന്നുവെന്നും മറ്റു ചോദ്യങ്ങൾക്കുള്ള മറുപടി ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകളിൽ നിന്നും ലഭിക്കുന്നതാണെന്നുമാണ് അറിയിച്ചത്.

3(K); ഡയറക്ടർ ബോർഡിൽ ഇപ്പോൾ ചെയർമാനും MD യും ഉൾപ്പെടെ 14 അംഗങ്ങളാണുള്ളതെന്നും കമ്പനി നിയമപ്രകാരം വർഷത്തിൽ കുറഞ്ഞത് 4 ബോർഡ് യോഗം കൂടിയിരിക്കണമെന്നും ബോർഡ് യോഗത്തിൽ കോറം ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്നല്ലെങ്കിൽ രണ്ടംഗങ്ങൾ ഏതാണോ കൂടുതൽ അതാണെന്നും കമ്പനിയുടെ ബോർഡിലെ ഇപ്പോഴത്തെ ഉദ്യോഗസ്ഥ അംഗങ്ങൾ താഴെ പറയുന്നവയാണ്.

1. ശ്രീമതി എസ്.ദീപാദേവി, അഡീഷണൽ സെക്രട്ടറി ടാക്സസ്
2. ശ്രീമതി പി.എ.ഷൈല, ജോയിന്റ് സെക്രട്ടറി, ഫിനാൻസ്
3. ഡോക്ടർ എ. കൗശികൻ IAS, ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ എന്നിവരാണെന്നുമാണ്.

കൂടാതെ 09.06.2014ന് നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിലെ (b), (c), (d), (e), (f), (g), (h), (i), (j), (l),

(m), (n), (o), (q) എന്നീ ചോദ്യങ്ങൾക്കുള്ള മറുപടി ചോദ്യ ക്രമനമ്പർ സഹിതം നൽകിയിട്ടുണ്ടെന്നും മറ്റു ചോദ്യങ്ങൾക്കുള്ള മറുപടി ബന്ധപ്പെട്ട വിവരാവകാശ ഓഫീസർമാർ നൽകുമെന്നുമാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജി ക്കാരന്റെ അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നാണ്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന് വ്യക്ത മായ മറുപടി ലഭ്യമാക്കണമെന്നും പ്രസ്തുത വിവരം രേഖപ്പെടുത്തിയ റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കണമെന്നും ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

കൂടാതെ 07.01.2022ൽ എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് അയച്ചുകൊടുക്കേണ്ടതാണ്

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ഫെബ്രുവരി 24-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി
Ge/